# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 95

28.11.2018-ൽ മറുപടിക്ക്

## ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭ്യമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ് | പിണറായി വിജയൻ<br>**മുഖ്യമന്ത്രി** |
| (എ) സാബു ആന്റണി, കോതങ്ങാട്, തിരുമലഭാഗം പി.ഒ., തുറവൂർ, ചേർത്തല എന്നയാളുടെ അപകടമരണത്തെ (14.05.2015) തുടർന്ന് ടിയാന്റെ സഹോദരൻ തങ്കച്ചൻ, കോതങ്ങാട്, തിരുമലഭാഗം പി.ഒ., ചേർത്തല എന്നയാൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം ലഭ്യമാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൻമേൽ നാളിതുവരെയായിട്ടും സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ ടി അപേക്ഷയിൻമേൽ ധനസഹായം ലഭ്യമാക്കാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ;<br>(സി) സാമ്പത്തികമായും മാനസികമായും വളരെയധികം ബുദ്ധിമുട്ടുന്ന ഈ കുടുംബത്തിന് എത്രയും വേഗം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സാമ്പത്തികസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ? | (എ), (ബി) & (സി) സാബു ആന്റണി, കോതങ്ങാട്, തിരുമലഭാഗം പി.ഒ., തുറവൂർ, ചേർത്തല എന്നയാളുടെ അപകടമരണത്തിന് ധനസഹായം ലഭിക്കുന്നതിനായി ടിയാന്റെ സഹോദരൻ തങ്കച്ചൻ, കോതങ്ങാട്, തിരുമലഭാഗം പി.ഒ., തുറവൂർ, ചേർത്തല എന്നയാളുടെ പേരിൽ അപേക്ഷ സമർപ്പിച്ചതായി ഓഫീസ് രേഖകൾ പരിശോധിച്ചതിൽ കാണുന്നില്ല. |

Bindumol K.N
സെക്ഷൻ ഓഫീസർ.